Mr. A. Eachara Menon *(Chittur Rural)*: What price did the Cosri Farm pay for a cow?
Mr. T. K. Nayar *(Minister for Rural Development)*: Rupees two to three hundred.

Demand put and carried

(2) Rs. 1,120 under "4—Co-operative Societies by the transfer from "33—Rural Development"

Mr. T. K. Nayar *(Minister for Rural Development)*: Sir, I rise to move for a transfer of Rs. 1,120 from "33—Rural Development" to "4—Co-operative Societies". Bee-keeping is one of the remunerative cottage industries, which, if given sufficient impetus, can be developed extensively in this State. It is proposed to appoint five organisers on a pay of Rs. 20 with a consolidated travelling allowance of Rs. 10 per month. A secretary has also to be appointed to the All Cochin Bee-keepers' Co-operative Society on an allowance of Rs. 10 per month and Government propose to meet this allowance. An amount of Rs. 1,120 will be necessary for this. Savings are available in that budget. I, therefore, pray that the House be pleased to sanction the transfer.

Demand put and carried

LEGISLATIVE BUSINESS—NON-OFFICIAL BILLS

(1) The Cochin Christian Succession Act (Amendment) Bill—*(cont.)*

മിസ്റ്റർ സി. വി. ഇയ്യു: സർ, ക്രസ്ത്യൻ സക്സഷൻ ആക്ടിനെ സംബന്ധിച്ചു ബഹുമാനപ്പെട്ട തോട്ടക്കാരുടെ മെമ്പർ പറഞ്ഞ ചില വാദത്തെ പാടെ ഖണ്ഡിക്കയാണു്. വിധവയായ ഭാര്യു പുനർവ്വിവാഹം കഴിക്കാതിരിക്കുന്ന പക്ഷം ആ സ്ത്രീക്കു ചിലവിനു കൊടുക്കുവാനുള്ള സംഖ്യയുടെ ക്ലിപ്തത്തെക്കുറിച്ചു ചിലതൊക്കെ അദ്ദേഹം ഇവിടെ പ്രസ്താവിക്കുകയുണ്ടായി. വിധവാവിവാഹം ചെയ്യുന്നതിനു വിരോധമില്ലാത്ത സമുദായമാണു് ക്രസ്ത്യൻ സമുദായം. ഹിന്ദുക്കളിൽതന്നെ വിധവാവിവാഹത്തിനു വിരോധമില്ലാത്ത സമുദായങ്ങളാണല്ലൊ മലയാളി അബ്രാഹ്മണ ഹിന്ദുക്കളെല്ലാം. നായർ മുതലായ സമുദായങ്ങളിൽ വിധവാവിവാഹത്തിനു വിരോധമില്ലെങ്കിലും ഭാര്യു മരിച്ചുപോയ ഒരു നായർ പുനർവിവാഹം ചെയ്യാൻ തീച്ചയാക്കുകയാണെങ്കിൽ വിധവകളെ കല്യാണം കഴിക്കാതെ കന്യകകളെതന്നെ വിവാഹം ചെയ്യാൻ ശ്രമിക്കുന്നതായിട്ടാണു് സാധാരണ കണ്ടുവരുന്ന പതിവു്. നേരെമറിച്ചു് ഒരു വിധവ, ഭാര്യു മരിച്ച ഒരു പുരുഷനെ കല്യാണം ചെയ്യുവാൻ ആഗ്രഹിച്ചു എന്നുവരും. ആദ്യത്തെ ഭർത്താവിന്റെ സ്വത്തുക്കൂടി കിട്ടിയശേഷം ആ സ്ത്രീ പുനർവിവാഹത്തിനു പുറപ്പെടുന്നതു് സാധാരണയായി ചില ഭർത്താക്കന്മാർക്കു—അസൂയ കൊണ്ടായിരിക്കാം—ഇഷ്ടപ്പെടാറു പതിവില്ല. ഭർത്താവു ഭാര്യുക്കു ഇത്ര പറ നെല്ലു കിട്ടുന്നതിനുള്ള നിലം നിശ്ചയിച്ചിരിക്കുന്നു എന്നു ഒസ്യത്തു് എഴുതിവെക്കാറു ഒരു നാട്ടുനടപ്പാണു്. പുനർവ്വിവാഹം ചെയ്യാത്ത വിധവക്കു ജീവനാംശമേ പാടുള്ളു എന്നാണു് ക്രസ്ത്യൻ സക്സഷൻ ആക്ടു് നടപ്പിൽ വരുംമുമ്പു ഈ രാജ്യത്തെ കീഴനടപ്പാസ്പദമാക്കിയ കോടതി വിധികൾ പറയുന്നതു്. നാട്ടുനടപ്പനുസരിച്ചു, പുരുഷസന്താനങ്ങളോ സ്ത്രീ സന്താനങ്ങളൊ അമ്മയോടു സ്നേഹമായി വർത്തിക്കുമ്പോൾ ഒരു വിഷമതക്കും അവകാശമില്ല. പക്ഷെ അവർ നീതിവിരുദ്ധമായും സ്നേഹമില്ലാതെയും അമ്മയായ ഒരു വിധവയെ ചിലവിന്നില്ലാതെ കഷ്ടത്തിലാക്കാതിരിക്കുവാൻ വേണ്ടിയാണു് ഈ ബില്ലുകൊണ്ടു ഞാൻ ഉദ്ദേശിക്കുന്നതു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: വിധവകളെ മാത്രമേ ഇതു ബാധിക്കുകയുള്ളൂ?

മിസ്റ്റർ സി. വി. ഇയ്യു: ആ വകുപ്പിനെപ്പറ്റിയാണു പറയുന്നതു്. ബില്ലുപൊതുവെയല്ല പറയുന്നതു്.

രണ്ടാമതായിട്ടു മരണപത്രത്തിൽ നിശ്ചയിക്കപ്പെടുന്നതായ ജീവനാംശത്തിന്റെ തുകക്കു ആ സ്ത്രീക്കു അവരുടെ മരിച്ചുപോയ ഭർത്താവു ഒരു മരണപത്രം എഴുതാതെ മരിക്കുകയാണെങ്കിൽ, ഭർത്താവിന്റെ സ്വത്തിന്റെ ഓഹരിയായി കിട്ടാവുന്ന സ്വത്തിന്റെ ഒരുവഷത്തെ ആറാദായം കുറഞ്ഞ പക്ഷം കിട്ടത്തക്കവണ്ണമുള്ള സ്വത്തു് പുനർവ്വിവാഹം ചെയ്യാതിരിക്കുന്ന പക്ഷം ജീവനാംശമായി പ്രതിവഷം ലഭിക്കണമെന്നേ ഞാൻ ഈ ഭേദഗതിമൂലം ഉദ്ദേശിക്കുന്നുള്ളു. അതു് ആ വിധവക്കു ക്രയവിക്രയാധികാരത്തോടുകൂടി കൊടുക്കുന്നതുകൊണ്ടൊ, കൂടുതൽ സംഖ്യ ജീവനാംശമായി കൊടുക്കുന്നതിനൊ ഈ ബിൽ തടസ്ഥമല്ല. കുറഞ്ഞ പക്ഷം കൊടുക്കേണ്ട തുകയുടെ മാനദണ്ഡം നിശ്ചയിക്കുന്നുവെന്നേ ഉള്ളു.

LIBRARY ARCHIVES Kerala Legislative Assembly